**മധുരമായ കുട്ടികളേ – ഈ രുദ്രജ്ഞാന യജ്ഞം സ്വയം രുദ്രഭഗവാൻ രചിച്ചതാണ്, ഇതിൽ നിങ്ങൾ തന്റെ എല്ലാം സ്വാഹാ ചെയ്യൂ എന്തുകൊണ്ടെന്നാൽ ഇപ്പോൾ വീട്ടിലേക്ക് പോകണം.**

**ചോദ്യം:–** സംഗമയുഗത്തിൽ ഏതൊരു അത്ഭുതകരമായ കളിയാണ് നടക്കുന്നത്?
**ഉത്തരം:–** ഭഗവാൻ രചിച്ച യജ്ഞത്തിൽ അസുരന്മാരിൽ നിന്നും വിഘ്നം ഉണ്ടാകുന്നു. ഇതും സംഗമത്തിൽ മാത്രം നടക്കുന്ന അത്ഭുതകരമായ കളിയാണ്. ഇങ്ങനെയുള്ള യജ്ഞം മുഴുവൻ കല്പത്തിലും രചിക്കുകയില്ല. ഇത്, സ്വരാജ്യം നേടുന്നതിന് വേണ്ടിയുള്ള രാജസ്വ അശ്വമേധ രുദ്രജ്ഞാനയജ്ഞമാണ്. ഇതിൽത്തന്നെയാണ് വിഘ്നമുണ്ടാകുന്നത്.

**ഓം ശാന്തി**. നിങ്ങൾ എവിടെയാണിരിക്കുന്നത്? ഇതിനെ സ്ക്കൂൾ അഥവാ യൂണിവേഴ്സിറ്റിയെന്നും പറയാൻ സാധിക്കുന്നു. വിശ്വവിദ്യാലയമാണ്, ഇതിന് ഈശ്വരീയ ബ്രാഞ്ചുകളുമുണ്ട്. ബാബ വലിയതിലും വലിയ യൂണിവേഴ്സിറ്റി തുറന്നിരിക്കുന്നു. ഉയർന്നതിലും ഉയർന്ന ബാബ പഠിപ്പിക്കുന്നു. ഇത് കുട്ടികളുടെ ബുദ്ധിയിൽ ഓർമ്മയുണ്ടായിരിക്കണം – ഭഗവാൻ നമ്മെ പഠിപ്പിക്കുന്നു. ബാബയുടെ ഈ യജ്ഞം രചിക്കപ്പെട്ടതാണ്, ഇതിന്റെ പേരും പ്രസിദ്ധമാണ്. രാജസ്വ അശ്വമേധ രുദ്രജ്ഞാന യജ്ഞം, രാജസ്വം അർത്ഥം സ്വരാജ്യത്തിന് വേണ്ടി. അശ്വമേധം, ഇത് എന്താണോ കാണുന്നത്, ആ എല്ലാത്തിനെയും സ്വാഹാ ചെയ്തുകൊണ്ടിരിക്കുന്നു, ശരീരവും സ്വാഹായാകുന്നു. ആത്മാവ് സ്വാഹാ ആവുക സാധ്യമല്ല. എല്ലാ ശരീരങ്ങളും സ്വാഹാ ആവും. ബാക്കി ആത്മാക്കൾ തിരിച്ച് പോകും. ഇത് സംഗമയുഗമാണ്. അനേകം ആത്മാക്കൾ പോകും, ബാക്കി ശരീരം നശിക്കും. ഇതെല്ലാം ഡ്രാമയാണ്, നിങ്ങൾ ഡ്രാമയനുസരിച്ച് പോയ്ക്കൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു,ഞാൻ രാജസ്വ യജ്ഞം രചിക്കുന്നു. ഇതും ഡ്രാമാ പ്ലാൻ അനുസരിച്ച് രചിച്ചിട്ടുള്ളതാണ്. ഞാൻ യജ്ഞം രചിച്ചിരിക്കുന്നു എന്നും പറയാൻ കഴിയില്ല. ഡ്രാമാ പ്ലാൻ അനുസരിച്ച് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നതിന് വേണ്ടി കൽപം മുൻപത്തേതുപോലെ ജ്ഞാനയജ്ഞം രചിച്ചിരിക്കുകയാണ്. ഞാൻ രചിച്ചതാണ്, എന്നർത്ഥമില്ല. ഡ്രാമാ പ്ലാൻ അനുസരിച്ച് രചിച്ചതാണ്. കൽപ കൽപം രചിക്കപ്പെടുന്നു. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണല്ലോ. ഡ്രാമാ പ്ലാൻ അനുസരിച്ച് ഒരേയൊരു തവണയാണ് യജ്ഞം രചിക്കപ്പെടുന്നത്, ഇതൊരു പുതിയ കാര്യമല്ല. ഇപ്പോൾ ബുദ്ധിയിലിരിക്കുന്നു – ഏകദേശം 5000 വർഷം മുമ്പ് സത്യയുഗമായിരുന്നു, ഇപ്പോൾ ചക്രം വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. വീണ്ടും പുതിയ ലോകത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ പുതിയ ലോകത്തിൽ സ്വരാജ്യം നേടുന്നതിന് വേണ്ടി പഠിച്ചുകൊണ്ടിരിക്കുന്നു. തീർച്ചയായും പവിത്രമായി മാറണം.ആരാണോ ഡ്രാമാ പ്ലാൻ അനുസരിച്ച് കൽപം മുൻപും ആയിത്തീർന്നത് അവർ തന്നെയാണ് ആകുന്നത്, ഇപ്പോഴും ആകും. സാക്ഷിയായി ഡ്രാമയെ കാണണം പിന്നീട് പുരുഷാർത്ഥവും ചെയ്യണം. കുട്ടികൾക്ക് മാർഗ്ഗവും പറഞ്ഞുകൊടുക്കണം, മുഖ്യമായ കാര്യം പവിത്രതയുടേതാണ്. ബാബയെ വിളിക്കുകയും ചെയ്യുന്നു, വന്ന് പവിത്രമാക്കി മാറ്റി ഞങ്ങളെ ഈ മോശമായ ലോകത്തു നിന്ന് കൂട്ടിക്കൊണ്ടുപോകൂ.... ബാബ വന്നതു തന്നെ വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നതിനുവേണ്ടിയാണ്. കുട്ടികൾക്ക് അനേകം പോയിന്റുകൾ നൽകുന്നു. മുഖ്യമായ കാര്യം ബാബ വീണ്ടും പറയുന്നു, മന്മനാഭവ. പാവനമായി മാറുന്നതിന് വേണ്ടി ബാബയെ ഓർമ്മിക്കുന്നു, ഇത് മറക്കരുത്. എത്ര ഓർമ്മിക്കുന്നുവോ അത്രയും ഫലമുണ്ടാകും, ചാർട്ട് വെയ്ക്കണം. ഇല്ലായെങ്കിൽ പിന്നീട് തോറ്റുപോകും. കുട്ടികൾ മനസ്സിലാക്കുന്നു, നമ്മളും സതോപ്രധാനമായിരുന്നു, നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ആരാണോ ഉയർന്നതായി മാറുന്നത്, അവർക്ക് പരിശ്രമവും കൂടുതൽ ചെയ്യേണ്ടി വരും. ഓർമ്മയിൽ ഇരിക്കേണ്ടതായി വരും.ബാക്കി കുറച്ച് സമയമേയുള്ളൂ, പിന്നെ സുഖത്തിന്റെ ദിനങ്ങൾ വരുന്നു ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട്. നമ്മുടെ അളവറ്റ സുഖത്തിന്റെ ദിനങ്ങൾ വരുകയാണ്. ബാബ ഒരു തവണയാണ് വരുന്നത്, ദുഖധാമത്തെ അവസാനിപ്പിച്ച് തന്റെ സുഖധാമത്തിലേക്ക് കൂട്ടിക്കൊണ്ട് പോകുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ഇപ്പോൾ നമ്മൾ ഈശ്വരീയ പരിവാരത്തിലാണ്, പിന്നീട് ദൈവീക പരിവാരത്തിലേക്ക് പോകും. ഈ സംഗമം തന്നെയാണ് പുരുഷോത്തമരായി ഉയർന്നതാകുന്നതിന്റെ യുഗം.... എന്നത് ഈ സമയത്തിന്റെ പാട്ടാണ്. നിങ്ങൾ കുട്ടികൾ അറിയുന്നു, പരിധിയില്ലാത്ത ബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് മുന്നോട്ട് പോകുമ്പോൾ സന്യാസിമാരും അംഗീകരിക്കും. ആ സമയവും വരും. ഇപ്പോൾ നിങ്ങളുടെ പ്രഭാവം ഇത്രയും പുറത്ത് വരില്ല. ഇപ്പോൾ രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു, സമയമെടുക്കും, പിന്നീട് ഈ സന്യാസിമാരും വന്ന് മനസ്സിലാക്കും. സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഈ ജ്ഞാനം ആരിലുമില്ല. പവിത്രതയിൽ എത്ര വിഘ്നമാണ് വരുന്നത്.

അബലകളുടെ മേൽ അത്യാചാരം ഉണ്ടാകുന്നു ഇതും കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ദ്രൗപദി വിളിച്ചിരുന്നല്ലോ. വാസ്തവത്തിൽ നിങ്ങളെല്ലാവരും ദ്രൗപദിമാരും, സീതമാരും, പാർവതിമാരുമാണ്. ഓർമ്മയിൽ ഇരിക്കുന്നതിലൂടെ അബലകളും, കുബ്ജകളും ബാബയിൽ നിന്ന് സമ്പത്ത് നേടുന്നു. ഓർമ്മയിൽ ഇരിക്കാൻ സാധിക്കുമല്ലോ. ഭഗവാൻ വന്ന് യജ്ഞം രചിക്കുന്നു, ഇതിൽ എത്ര വിഘ്നമാണ് വരുന്നത്. ഇപ്പോഴും വിഘ്നം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു, കന്യകമാരെ ബലമായി വിവാഹം ചെയ്യിക്കുന്നു, ഇല്ലായെങ്കിൽ അടിച്ച് പുറത്താക്കുന്നു. അതുകൊണ്ട് വിളിക്കുകയാണ്, അല്ലയോ പതിത പാവനാ വരൂ.... .അതിനാൽ ബാബക്ക് തീർച്ചയായും രഥം ആവശ്യമാണ്, അതിൽ പ്രവേശിച്ച് പാവനമാക്കുന്നതിനുവേണ്ടി. ഗംഗാജലത്തിലൂടെ പാവനമായി മാറില്ല. ബാബ തന്നെയാണ് വന്ന് പാവനമാക്കി മാറ്റി പാവനലോകത്തിന്റെ അധികാരിയാക്കി മാറ്റുന്നത്.

നിങ്ങൾ കാണുന്നുണ്ട്, ഈ പതീത ലോകത്തിന്റെ വിനാശം മുന്നിൽ നിൽക്കുകയാണ്. എന്തുകൊണ്ട് ബാബയുടേതായി മാറിക്കൂടാ, സ്വാഹാ ആകുന്നില്ല. ചോദിക്കുന്നു എങ്ങനെ സ്വാഹായാകും? ട്രാൻസ്ഫർ എങ്ങനെ ചെയ്യും? ബാബ പറയുന്നു - കുട്ടികളേ, നിങ്ങൾ ഈ (സാകാര) ബാബയെ കാണുന്നുണ്ടല്ലോ. ഇദ്ദേഹം സ്വയം ചെയ്ത് പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെയുള്ള കർമ്മമാണോ നമ്മൾ ചെയ്യുക അത് കണ്ട് മറ്റുള്ളവരും ചെയ്യും. ബാബ ഇദ്ദേഹത്തിലൂടെ കർമ്മം ചെയ്യിക്കുകയാണല്ലോ. എല്ലാം യജ്ഞത്തിൽ സ്വാഹാ ചെയ്തു. സ്വാഹാ ആകുന്നതിൽ യാതൊരു ബുദ്ധിമുട്ടുമില്ല. ഇദ്ദേഹം വളരെ സമ്പന്നനോ, ദരിദ്രനോ ആയിരുന്നില്ല. സാധാരണക്കാരനായിരുന്നു. യജ്ഞം രചിക്കപ്പെട്ടുവെങ്കിൽ അതിൽ കഴിക്കാനും, കുടിക്കാനുമുള്ള എല്ലാ സാമഗ്രികളും വേണമല്ലോ. ഇത് ഈശ്വരീയ യജ്ഞമാണ്. ഈശ്വരൻ വന്ന് ഈ ജ്ഞാനയജ്ഞത്തിന്റെ സ്ഥാപന ചെയ്യുന്നു. നിങ്ങളെ പഠിപ്പിക്കുന്നു, ഈ യജ്ഞത്തിന്റെ മഹിമ വളരെ വലുതാണ്. ഈശ്വരീയയജ്ഞത്തിൽ തന്നെ നിങ്ങളുടെ ശരീര നിർവ്വഹണത്തിനുള്ള എല്ലാം ഉണ്ടാകും. ആരാണോ തന്നെ അർപ്പണമെന്ന് മനസ്സിലാക്കുന്നത്, ഞങ്ങൾ ട്രസ്റ്റിയാണ്. ഇതെല്ലാം ഈശ്വരന്റെയാണ്, ഞങ്ങൾ ശിവബാബയുടെ യജ്ഞത്തിൽ നിന്ന് ഭോജനം കഴിക്കുന്നു - ഇത് മനസ്സിലാക്കേണ്ട കാര്യമാണല്ലോ. ഇവിടെ എല്ലാവരും വന്ന് ഇരിക്കില്ല. ഇതിന്റെ സാമ്പിളും കണ്ടു - എങ്ങനെയാണ് എല്ലാം സ്വാഹാ ചെയ്തത്. ബാബ പറയുന്നു എങ്ങനെയുള്ള കർമ്മമാണോ ഇദ്ദേഹം ചെയ്യുന്നത്, ഇദ്ദേഹത്തെ കണ്ട് മറ്റുള്ളവർക്കും തോന്നി. അനേകർ സ്വാഹാ ആയി. ആരെല്ലാമാണോ ചെയ്തത് അവർ തന്റെ സമ്പത്തെടുക്കുന്നു. ബുദ്ധിയിലൂടെയും മനസ്സിലാക്കിക്കൊടുക്കുന്നു - ആത്മാവ് പോകും, ബാക്കി മുഴുവൻ ശരീരവും ഇല്ലാതെയാകും. ഇത് പരിധിയില്ലാത്ത യജ്ഞമാണ്, ഇതിൽ എല്ലാം സ്വാഹായാകും. എങ്ങനെ ബുദ്ധികൊണ്ട് സ്വാഹാ ആയി നഷ്ടോമോഹായായി മാറാം എന്ന് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നുമുണ്ട്. ഇതും അറിയുന്നു, ഈ മുഴുവൻ സാമഗ്രികളും ചാരമാകുന്നതാണ്. എത്ര വലിയ യജ്ഞമാണ്, അവിടെ പിന്നെ യാതൊരു യജ്ഞവും രചിക്കുന്നില്ല. യാതൊരു ഉപദ്രവവുമുണ്ടാകുന്നില്ല. ഈ ഭക്തിമാർഗ്ഗത്തിൽ ഏതെല്ലാം യജ്ഞങ്ങളുണ്ടോ അതെല്ലാം ഇല്ലാതാകുന്നു. ജ്ഞാനസാഗരൻ ഒരേയൊരു ഭഗവാനാണ്, നിങ്ങൾ കുട്ടികൾക്ക് ജ്ഞാനസാഗരൻ ഇരുന്ന് പഠിപ്പിക്കുന്നു. അവർ കേവലം പാടിക്കൊണ്ടിരിക്കുന്നു, നിങ്ങൾക്ക് ബാബ മുഴുവൻ ജ്ഞാനവും കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. ജ്ഞാനം ഒരുപാടൊന്നുമില്ല. ലോകത്തിന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, കേവലം ഇത് മനസ്സിലാക്കിക്കൊടുക്കണം.

ഇവിടെ ബാബ സ്വയം നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. സാധാരണ ശരീരത്തിലാണ് പ്രവേശിക്കുന്നത് എന്ന് പറയുകയും ചെയ്യുന്നു.ഭാഗീരഥവും പ്രസിദ്ധമാണ്, തീർച്ചയായും മനുഷ്യൻ തന്നെയാണ് അതിൽ ബാബ വരും. ബാബയുടെ പേര് ഒന്ന് മാത്രമാണ് ശിവൻ, ബാക്കി എല്ലാവരുടെയും പേര് മാറുന്നു, ഇദ്ദേഹത്തിന്റെ പേര് മാറുന്നില്ല. ബാക്കി ഭക്തിയിൽ അനേകം പേര് വെച്ചിരിക്കുന്നു. ഇവിടെയാണെങ്കിൽ ശിവബാബ മാത്രമാണ്.മംഗളകാരിയായ ശിവൻ എന്ന് പറയപ്പെടുന്നു. ഭഗവാൻ തന്നെയാണ് വന്ന് പുതിയ ലോകം സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. അതിനാൽ മംഗളകാരിയാണല്ലോ. നിങ്ങൾക്കറിയാം ഭാരതം സ്വർഗ്ഗമായിരുന്നു. ഇപ്പോൾ നരകമാണ്, പിന്നീട് തീർച്ചയായും സ്വർഗ്ഗമാകും. ഇതിനെ പുരുഷോത്തമ സംഗമയുഗമെന്ന് പറയുന്നു എപ്പോഴാണോ ബാബ തോണിക്കാരനായി മാറി നിങ്ങളെ ഈ കരയിൽ നിന്നും മറുകരയിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നത്. ഇത് പഴയ ദുഖത്തിന്റെ ലോകമാണ് പിന്നീട് തീർച്ചയായും ഡ്രാമയനുസരിച്ച് പുതിയ ലോകമുണ്ടാകും, അതിന് വേണ്ടിയാണ് നിങ്ങളിപ്പോൾ പുരുഷാർത്ഥം ചെയ്യുന്നത്. ബാബയുടെ ഓർമ്മ ഇടക്കിടക്ക് മറന്നു പോകുന്നു, ഇതിലാണ് പരിശ്രമം ബാക്കി നിങ്ങളിൽ നിന്ന് ഏത് വികർമ്മമാണോ ഉണ്ടായത്, അതിന്റെ ശിക്ഷ കർമ്മഭോഗത്തിന്റെ രൂപത്തിൽ അനുഭവിക്കേണ്ടി വരുന്നു, കർമ്മഭോഗം അവസാനം വരെ അനുഭവിക്കുക തന്നെ വേണം, അതിൽ മാപ്പ് ലഭിക്കുക സാധ്യമല്ല. ഇങ്ങനെയല്ല, ബാബാ ക്ഷമിക്കൂ. ഒന്നും തന്നെയില്ല. ഡ്രാമാ അനുസരിച്ച് എല്ലാം സംഭവിക്കുന്നു. ക്ഷമ മുതലായവയൊന്നുമില്ല. കർമ്മകണക്ക് ഇല്ലാതാക്കുക തന്നെ വേണം. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം, ഇതിന് വേണ്ടി ശ്രീമതവും ലഭിച്ചിട്ടുണ്ട്, ശ്രീ ശ്രീ

ശിവബാബയുടെ ശ്രീമതത്തിലൂടെ നിങ്ങൾ ശ്രീ ശ്രീയായി മാറുന്നു. ഉയർന്നതിലും ഉയർന്ന ബാബ നിങ്ങളെ ഉയർന്നതാക്കി മാറ്റുന്നു. നിങ്ങൾ ഇപ്പോൾ മാറിക്കൊണ്ടിരിക്കുന്നു, ഇപ്പോൾ നിങ്ങൾക്ക് സ്മൃതി വന്നു – ബാബ കൽപ കൽപം വന്ന് നമ്മെ പഠിപ്പിക്കുന്നു. പകുതി കൽപം അതിന്റെ പ്രാപ്തി ലഭിക്കുന്നു. സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഭൗതികജ്ഞാനത്തിന്റെ ആവശ്യമില്ല. കൽപ കൽപം ഒരു തവണ മാത്രമാണ് ഈ സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന് വന്ന് പറഞ്ഞുതരുന്നത്.

നിങ്ങളുടെ ജോലിയാണ് പഠിക്കുക, പവിത്രമായി മാറുക, യോഗത്തിലിരിക്കുക. ബാബയുടേതായി മാറിയശേഷവും പവിത്രമായില്ലായെങ്കിൽ നൂറ് മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടി വരും. പേരും മോശമാകുന്നു. പാടുന്നുമുണ്ട് സദ്ഗുരുവിനെ നിന്ദിക്കുന്നവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കില്ല. മനുഷ്യർക്ക് അറിയില്ല ഇതാരാണ്! സത്യമായ ബാബ തന്നെയാണ് സത്ഗുരുവും, സത്യമായ ടീച്ചറുമാകുന്നത്. നിങ്ങളെ പഠിപ്പിക്കുന്നതും ബാബയാണ്, സത്യമായ സത്ഗുരുവുമാണ്. എങ്ങനെയാണോ ബാബ ജ്ഞാനത്തിന്റെ സാഗരൻ, നിങ്ങളും ജ്ഞാനത്തിന്റെ സാഗരമാണല്ലോ. ബാബ മുഴുവൻ ജ്ഞാനവും നൽകുന്നു, ആര് കൽപം മുമ്പ് എത്ര ധാരണ ചെയ്തിട്ടുണ്ടോ, അത്ര മാത്രമേ ചെയ്യൂ. പുരുഷാർത്ഥം ചെയ്യണം, കർമ്മമില്ലാതെ ആർക്കും ജീവിക്കാൻ സാധിക്കില്ല. എത്ര ഹഠയോഗം മുതലായവ ചെയ്യുന്നു, അതും കർമ്മം തന്നെയല്ലേ. ഇതും ഒരു ഉത്തരവാദിത്വമാണ്, ആജീവനാന്തം വേണ്ട ഉത്തരവാദിത്തം. പേരുണ്ടാകുന്നു, വളരെയധികം പൈസ ലഭിക്കുന്നു, ജലത്തിന് മേൽ, അഗ്നിക്കു മുകളിൽ നടക്കുന്നു. കേവലം പറക്കാൻ കഴിയുന്നില്ല. അതിന് പെട്രോൾ മുതലായവ വേണമല്ലോ. എന്നാൽ അതിൽ പ്രയോജനം ഒന്നും തന്നെയില്ല. പാവനമായി മാറുന്നില്ല. ശാസ്ത്രജ്ഞന്മാർക്കും മത്സരമാണ്. അവരുടെ സയൻസിന്റെയും നിങ്ങളുടെ ശാന്തിയുടെയും മത്സരമാണ്. എല്ലാവരും ശാന്തി മാത്രമാണ് യാചിക്കുന്നത്. ബാബ പറയുന്നു, ശാന്തി നിങ്ങളുടെ സ്വധർമ്മമാണ്, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, തന്റെ വീടായ ശാന്തിധാമത്തിലേക്ക് പോകണം. ഇത് ദുഃഖധാമമാണ്. നമ്മൾ ശാന്തിധാമത്തിൽ നിന്ന് പിന്നീട് സുഖധാമത്തിലേക്ക് വരും. ഈ ദുഃഖധാമം അവസാനിക്കാനുള്ളതാണ്. ഇത് നല്ല രീതിയിൽ ധാരണ ചെയ്ത് പിന്നീട് മറ്റുള്ളവരെയും ധാരണ ചെയ്യിക്കണം. ബാക്കി കുറച്ച് ദിവസമാണ് ആ പഠിപ്പ് .പിന്നീട് ശരീര നിർവഹണാർത്ഥം തലയിട്ടുടയ്ക്കേണ്ടി വരുന്നു. ഭാഗ്യശാലികളായ കുട്ടികൾ നമുക്ക് ഏത് പഠിപ്പാണ് പഠിക്കേണ്ടതെന്ന തീരുമാനം പെട്ടെന്നെടുക്കുന്നു ആ പഠിപ്പിലൂടെ എന്ത് ലഭിക്കുന്നു, ഇതിലൂടെ എന്ത് ലഭിക്കുന്നു. ഈ പഠിപ്പിലൂടെ 21 ജന്മത്തിന്റെ പ്രാപ്തിയുണ്ടാകുന്നു. അതിനാൽ ചിന്തിക്കണം നമുക്ക് ഏത് പഠിപ്പ് പഠിക്കണം! ആർക്കാണോ പരിധിയില്ലാത്ത ബാബയിൽ നിന്ന് സമ്പത്ത് നേടേണ്ടത്, അവർ പരിധിയില്ലാത്ത പഠിപ്പിൽ മുഴുകുന്നു. പക്ഷെ ഡ്രാമാ പ്ലാൻ അനുസരിച്ച് ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത് പിന്നീട് ആ പഠിപ്പിൽ ആകർഷിക്കപ്പെടുന്നു. ഈ പഠിപ്പ് പഠിക്കുന്നില്ല. അവസരം ലഭിക്കുന്നില്ലെന്ന് പറയുന്നു. ബാബ ചോദിക്കുന്നു, ഏത് ജ്ഞാനമാണ് നല്ലത്. അതിൽ നിന്ന് എന്ത് ലഭിക്കും ഇതിൽ നിന്ന് എന്ത് ലഭിക്കും? പറയുന്നു ബാബാ, ഭൗതിക പഠിപ്പിൽ നിന്ന് എന്ത് ലഭിക്കും, അൽപ്പമെന്തെങ്കിലും സമ്പാദിക്കാം. ഇവിടെ ഭഗവാനാണ് പഠിപ്പിക്കുന്നത്. നമുക്ക് പഠിച്ച് രാജപദവി നേടണം അതിനാൽ കൂടുതൽ ശ്രദ്ധ ഏത് കാര്യത്തിൽ നൽകണം. ചിലരാണെങ്കിൽ പറയുന്നു, ബാബാ ആ കോഴ്സ് പൂർത്തിയാക്കിയ ശേഷം വരാം. ബാബ മനസ്സിലാക്കുന്നു, ഇവരുടെ ഭാഗ്യത്തിലില്ല. എന്താണ് സംഭവിക്കുക എന്ന് മുന്നോട്ട് പോകുമ്പോൾ കാണാം.ശരീരത്തിൽ വിശ്വാസമില്ലാതാകുമ്പോൾ, പിന്നീട് സത്യമായ സമ്പാദ്യത്തിൽ മുഴുകുന്നു. ആരുടെ ഭാഗ്യത്തിലാണോ ഉള്ളത് അവർ മാത്രമേ തന്റെ ഭാഗ്യം ഉണർത്തൂ. പൂർണ്ണമായ ശ്രമം നൽകണം, ഞങ്ങൾ ബാബയിൽ നിന്ന് സമ്പത്ത് എടുത്തേ വിശ്രമിക്കൂ. പരിധിയില്ലാത്ത ബാബ നമുക്ക് രാജ്യഭാഗ്യം നൽകുന്നു എങ്കിൽ ഈ ഒരു അന്തിമ ജന്മം എന്തുകൊണ്ട് പവിത്രമായി മാറിക്കൂടാ. ഇത്രയധികം കുട്ടികൾ പവിത്രമായിരിക്കുന്നു. അസത്യമല്ല പറയുന്നത്. എല്ലാവരും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. പഠിച്ച് കൊണ്ടിരിക്കുന്നു, എന്നിട്ടു പോലും വിശ്വസിക്കുന്നില്ല. ഇത് വളരെ വ്യക്തമാണ്. സമയവും അത് തന്നെയാണ്, അനേക ധർമ്മങ്ങളുമുണ്ട്, സത്യയുഗത്തിൽ ഒരേയൊരു ധർമ്മം മാത്രമേ ഉണ്ടാകൂ. ഇതും നിങ്ങളുടെ ബുദ്ധിയിലുണ്ട്. നിങ്ങളിലും ചിലർക്ക് നിശ്ചയം കുറവാണ്, എന്താ നിശ്ചയം വരുന്നതിന് സമയമെടുക്കുമോ. ശരീരത്തിൽ പോലും വിശ്വാസമില്ല, അൽപം പോലും അവസരം നഷ്ടപ്പെടുത്തരുത്. ചിലരുടെ ഭാഗ്യത്തിലില്ലായെങ്കിൽ അൽപം പോലും ബുദ്ധിയിൽ വരുകയില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും,സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുളള മുഖ്യ സാരം:-

1) സത്യമായ സമ്പാദ്യം ശേഖരിച്ച് 21 ജന്മത്തേക്ക് വേണ്ടി തന്റെ ഭാഗ്യം ഉണ്ടാക്കണം. ശരീരത്തിന് ഒരു ഉറപ്പുമില്ല, അതുകൊണ്ട് അൽപം പോലും അവസരം നഷ്ടപ്പെടുത്തരുത്.

2) നഷ്ടോമോഹയായി മാറി തന്റേതെല്ലാം രുദ്ര ജ്ഞാന യജ്ഞത്തിൽ സ്വാഹാ ചെയ്യണം. സ്വയം സമർപ്പണം ചെയ്ത് ട്രസ്റ്റിയായി സംരക്ഷിക്കണം. സാകാര ബാബയെ ഫോളോ ചെയ്യണം.

## വരദാനം- തന്റെ ഈശ്വരീയലഹരിയിലൂടെ പഴയലോകത്തെ മറക്കുന്ന സർവ്വ പ്രാപ്തി സമ്പന്നരായി ഭവിക്കട്ടെ.

എങ്ങിനെയാണോ ലഹരിവസ്തുക്കൾ എല്ലാം മറപ്പിക്കുന്നത്, അതുപോലെ ഈ ഈശ്വരീയ ലഹരി ദുഃഖത്തിന്റെ ലോകത്തെ സഹജമായി മറപ്പിക്കുന്നു.ആ ലഹരികൊണ്ട് ധാരാളം നഷ്ടങ്ങളുണ്ടാകും,അധികമായി ഉപയോഗിച്ചാൽ മരിക്കുകയും ചെയ്യും. എന്നാൽ ഈ ലഹരി അവിനാശിയാക്കി മാറ്റുന്നു. ആരാണോ സദാ ഈശ്വരീയലഹരിയുടെ ആനന്ദത്തിലിരിക്കുന്നത് അവർ സർവ്വപ്രാപ്തി സമ്പന്നരായി മാറുന്നു. ഒരേയൊരു ബാബ, രണ്ടാമതൊരാളില്ല. ഈ സ്മൃതി തന്നെയാണ് ലഹരിയുണർത്തുന്നത്. ഈ സ്മൃതിയിലൂടെ തന്നെയാണ് സമർത്ഥത ലഭിക്കുന്നത്.

## സ്ലോഗൻ-പരസ്പരം കോപ്പി ചെയ്യുന്നതിനുപകരം(അനുകരിക്കുന്നതിന് പകരം) ബാബയെ കോപ്പി ചെയ്യൂ....

**അവ്യക്തസൂചന- ആത്മസ്ഥിതിയിൽ ഇരിക്കുന്നതിനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയായി മാറൂ..**
അന്തർമുഖികളായി ഇരിക്കുന്നവർക്ക് തന്നെയാണ് ഓരോ ജ്ഞാനരത്നങ്ങളുടേയും ആഴത്തിലേക്ക് പോകാനാവുക. ജ്ഞാനത്തിന്റെ ഓരോ പോയിന്റുകളുടേയും രഹസ്യം എന്താണ്,ഏത് സമയത്ത് ഏത് വിധിയിലൂടെ അവയെ കാര്യത്തിൽ കൊണ്ടുവരാം, അവയെ സേവനങ്ങളിൽ എങ്ങിനെ ഉപയോഗിക്കാം ഇവയൊക്കെ മനനം ചെയ്ത് ആ രഹസ്യങ്ങളുടെ ആനന്ദത്തിലേക്ക് പോകണം.അപ്പോൾ മാത്രമേ ലഹരിയുടെ അനുഭൂതി ചെയ്യാൻ സാധിക്കുകയുള്ളൂ